കെ.എസ്.ആർ.ടി.സി.-യിലെ വർക്ക് അസിസ്റ്റന്റ് തസ്തികകൾ

93 [1299] ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.യിൽ ഇപ്പോൾ ആകെ എത്ര വർക്ക് അസിസ്റ്റന്റ് തസ്തികകളാണ് നിലവിലുള്ളത്; ഈ തസ്തികകളിൽ ഇപ്പോൾ ആകെ എത്ര പേരാണ് ജോലി ചെയ്യുന്നത്; ഇതിൽ പി.എസ്.സി. വഴി സ്ഥിരം നിയമനം ലഭിച്ചവരെത്ര എംപാനൽ നിയമനം എത്ര ;

(ബി) എത്ര തസ്തികയിലേയ്ക്കാണ് കെ.എസ്.ആർ.ടി.സി. നിയമനത്തിനായ് ലിസ്റ്റ് ആവശ്യപ്പെട്ടത് ;

(സി) പി. എസ്. സി. റാങ്ക് ലിസ്റ്റ് നിലവിലുള്ളപ്പോൾ അതേ തസ്തികകളിൽ മറ്റു തരത്തിലുള്ള യാതൊരു നിയമനങ്ങളും കെ.എസ്.ആർ.ടി.സി.യിൽ പാടില്ല എന്ന നിയമമോ, കോടതി ഉത്തരവോ ഉണ്ടോ ;

(ഡി) അങ്ങനെ നിയമനം ആവശ്യമെന്നുകണ്ടാൽ എംപാനൽ വ്യവസ്ഥയിൽ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും നിയമിക്കണമെന്ന് ഹൈക്കോടതി വിധി ഉണ്ടായിട്ടുണ്ടോ ?

ഉത്തരം

(എ) നിലവിൽ 2800 വർക്ക് അസിസ്റ്റന്റ്/മെക്കാനിക് തസ്തികകൾ ഉണ്ട് ഇപ്പോൾ 2715 പേർ ഈ തസ്തികകളിൽ ജോലി ചെയ്യുന്നുണ്ട്. പി.എസ്.സി./ആശ്രിത നിയമനംവഴി 1800 പേരും എംപാനൽവഴി 915 പേരുമാണുള്ളത്.

(ബി) 564 ഒഴിവുകളിലേയ്ക്ക് ലിസ്റ്റ് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ഉണ്ട്.

കെ.എസ്.ആർ.ടി.സി. ഡിപ്പോകളിലെ കാഷ്വൽ ലേബർമാർ

94 [1300] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ വിവിധ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിലായി ഇപ്പോൾ എത്ര കാഷ്വൽ ലേബർമാർ ജോലിയെടുക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; ഇവരിൽ 15 വർഷത്തിൽ കൂടുതൽ സർവ്വീസുള്ള എത്ര പേരുണ്ട് ;

(ബി) ജി. ഒ. (എം.എസ്) നമ്പർ 5/2001/ട്രാൻ. തീയതി 15-2-2001 ഉത്തരവ് പ്രകാരം എത്ര കാഷ്വൽ ലേബർമാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly